സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ദേവസ്വം ബോർഡിലെ വിവിധ ആഫീസുകളിലെ ഡ്രൈവർമാർ ലോവർ ഡിവിഷൻ ക്ലാർക്ക് വിഭാഗത്തിലേക്ക് തസ്തികമാറ്റം അനുവദിച്ചുകൊണ്ടുള്ള തീരുമാനം ഭേദഗതി ചെയ്ത് ഉത്തരവുപുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 4388/16/Est-2** നന്തൻകോട്, **23/06/2016**

---

പരാമർശം :- 1) ബഹു: കേരള ഹൈക്കോടതിയുടെ WP(C) 11583 of 2016 – W നമ്പർ കേസ്സിന്മേൽ 28-03-2016 -ൽ പുറപ്പെടുവിച്ച വിധിന്യായം.
2) 07-06-2016 ലെ മേൽ നമ്പർ ബോർഡുത്തരവ്

## ഉത്തരവ്

ദേവസ്വം ബോർഡിന്റെ വിവിധ ആഫീസുകളിലെ ഡ്രൈവർമാർ ലോവർ ഡിവിഷൻ ക്ലാർക്ക് കേഡറിലേക്ക് തസ്തികമാറ്റം ആവശ്യപ്പെട്ട് നിരന്തരം അപേക്ഷകൾ സമർപ്പിച്ചു വരികയായിരുന്നു. പ്രസ്തുത അപേക്ഷകർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് കേസ്സ് ഫയൽ ചെയ്തതിനെ തുടർന്ന് മൂന്ന് മാസത്തിനകം അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം 1 ആയി ഉത്തരവ് ലഭിച്ചു.

പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് SSLC യും Department Test ഉം പാസ്സായ 11 ഡ്രൈവർമാരെ ഡിപ്പാർട്ട്മെന്റിൽ നിലനിൽക്കുന്ന ക്ലറിക്കൽ വിഭാഗത്തിലെ സ്റ്റാഫിന്റെ അപര്യാപ്തത കണക്കിലെടുത്തും നിയമനം അനിശ്ചിതമായി നീണ്ടുപോകുന്നതിനാലും ലോവർ ഡിവിഷൻ ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേക്ക് പ്രത്യേക പരിഗണന നൽകി തസ്തികമാറ്റം നൽകുന്നതിന് 06-06-2016 -ൽ കൂടിയ ബോർഡ് യോഗം തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം -2).

ടി ഉത്തരവിനെ തുടർന്ന് വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരിൽ നിന്നും നിയമവിധേയമല്ലാതെ തസ്തികമാറ്റം ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചതിനെ തുടർന്ന് ബോർഡ് ഇക്കാര്യം വീണ്ടും പരിശോധിച്ച് ചർച്ച ചെയ്തു.

ദേവസ്വം ബോർഡുകളിലെ നിയമനത്തിലേക്കായി 01-03-2014 ലെ G.O (P) No. 104/2015/RD പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുള്ളതാണ് എന്നതിനാൽ entry cadre ആയ ക്ലറിക്കൽ വിഭാഗത്തിലെ നിയമനങ്ങൾ (പ്രത്യേകം വ്യവസ്ഥ ഇല്ലാത്തത്) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയേ നടത്തുവാൻ വ്യവസ്ഥയുള്ളൂ.

Low paid employees ന് 35 % തസ്തികളും (Board Order's ROC 8734/85/Est dated 27-02-1991 published in Gazette dated 08-06-2016), Strong Room Guards ന് 5 % തസ്തികകളും (BO's ROC 8031/2001/Est-2 dated 24-02-2015 published in Gazette dated 14-04-2015) ആണ് ലോവർ ഡിവിഷൻ ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ വിഭാഗത്തിൽ നിയമനത്തിനായി റിസർവ്വ് ചെയ്ത് ബോർഡ് പ്രത്യേകം Rule frame ചെയ്തിട്ടുള്ളത്. കൂടാതെ ആശ്രിത നിയമനത്തിനായി 10 % തസ്തികകളും (BO's RC 7817/85/Est dated 06-04-1989 പ്രകാരം) റിസർവ്വ് ചെയ്തിട്ടുണ്ട്.

(മറുപുറം)

മേൽ വിവിരിച്ച സാഹചര്യത്തിലും ഡ്രൈവർമാർക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് പ്രത്യേക Rule Board frame ചെയ്തിട്ടില്ലാത്തതിനാലും 06-06-2016 ലെ തീരുമാനം അനുസരിച്ച് ഡ്രൈവർമാരെ ലോവർ ഡിവിഷൻ ക്ലാർക്കിലേക്കായി തസ്തികമാറ്റം അനുവദിച്ചുകൊണ്ടുള്ള 07-06-2016 ലെ ROC 4388/13/Est-2 നമ്പർ ഉത്തരവ് റദ്ദു ചെയ്തും ടി ഉത്തരവുംപ്രകാരം ലോവർ ഡിവിഷൻ ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ആയി നിയോഗിച്ചിട്ടുള്ള ഡ്രൈവർമാരുടെ നിയമനം താൽക്കാലികമായി ഡ്യൂട്ടി വ്യവസ്ഥയിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

ടി പ്രകാരമുള്ള ഭേദഗതിക്കനുസരണമായി ആവശ്യമായ തുടർ നടപടികളും ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനീയർ (ജനറൽ) എന്നിവരെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3. ചീഫ് എഞ്ചിനീയർ (ജനറൽ)
4. ചീഫ് എഞ്ചിനീയർ
5. ലാ ആഫീസർ
6. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
8. ഡയറക്ടർ, കൾച്ചറൽ & ആർക്കിയോളജിക്കൽ വിഭാഗം
9. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം
10. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, വൈക്കം
11. അസിസ്റ്റന്റ് സെക്രട്ടറി, 'എ' സെക്ഷൻ, ദേവസ്വം ബോർഡാഫീസ്
12. സെക്ഷൻ ഫയൽ
13. ഫയൽ ബുക്ക്
14. ഫെയർ ആഫീസ് കോപ്പി.

SK